പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 938 03.12.2014 -ലെ മറുപടിക്ക്.

ക്ഷേമനിധി ആനുകൂല്യങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. സണ്ണി ജോസഫ് :<br>ശ്രീ. എം.എ.വാഹീദ് :<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി :<br>ശ്രീ. ലൂഡി ലൂയിസ് : | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) ക്ഷേമനിധി ആനുകൂല്യങ്ങൾ ആധാർ അധിഷ്ഠിത ബാങ്ക് വഴി വിതരണം ചെയ്യുന്ന സംവിധാനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ ; | (എ) ഇല്ല. എന്നാൽ ബാങ്ക് അക്കൗണ്ടിലൂടെ മാത്രം അംഗങ്ങൾക്ക് ക്ഷേമനിധി ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത സംവിധാനം വഴിയുള്ള ആനുകൂല്യങ്ങൾക്ക് രജിസ്ട്രേഷൻ നിർബന്ധമാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) ഇല്ല. ബാങ്ക് അക്കൗണ്ട് നമ്പരും, വ്യക്തിഗത വിവരങ്ങളും അഡ്വാൻസ് ഇൻഫർമേഷൻ ഇന്റർഫേസ് സോഫ്റ്റ് വെയറിൽ അപ് ലോഡ് ചെയ്തിട്ടുണ്ട്. വിവിധ ക്ഷേമനിധികളിലെ 19,75,000 അംഗങ്ങൾ ഇപ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) ഇതിനായി എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ; | (സി) എല്ലാ ക്ഷേമനിധി അംഗങ്ങളുടേയും പേരിൽ ബാങ്കിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിന് ക്ഷേമനിധി ബോർഡുകൾക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. അഡ്വാൻസ് ഇൻഫർമേഷൻ ഇന്റർഫേസ് സോഫ്റ്റ് വെയറിൽ ഡേറ്റ അപ് ലോഡ് ചെയ്തിട്ടില്ലാത്ത അംഗങ്ങൾക്ക് ക്ഷേമനിധി ബോർഡുകളുടെ ജില്ലാ ഓഫീസ് വഴി രജിസ്ട്രേഷൻ നടത്തുന്നതിനുള്ള ക്രമീകരണം ചെയ്തിട്ടുണ്ട്. |
| (ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | (ഡി) അഡ്വാൻസ് ഇൻഫർമേഷൻ ഇന്റർഫേസ് സോഫ്റ്റ് വെയർ സിസ്റ്റത്തിൽ അക്ഷയ കേന്ദ്രങ്ങൾ വഴി ഡേറ്റ അപ് ലോഡ് ചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ 31.08.2014 വരെ നടത്തിയിരുന്നു. ഡേറ്റ അപ് ലോഡ് ചെയ്തിട്ടില്ലാത്ത അംഗങ്ങളുടെ രജിസ്ട്രേഷൻ ക്ഷേമനിധികളുടെ ജില്ലാ ഓഫീസ് വഴി നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഡേറ്റ അപ് ലോഡ് ചെയ്ത അംഗങ്ങൾക്ക് തിരിച്ചറിയൽ കാർഡ് നല്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ